# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1749** | **04.10.2016 ൽ മറുപടിയ്ക്ക്**

## കേരള സഹകരണ ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.പി.ടി.തോമസ് | | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സ്വന്തം ബാങ്കായി കേരള സഹകരണ ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ ബാങ്കുകളുടെ ഒരു അപ്പക്സ് സ്ഥാപനമാക്കി കേരളാ കോ-ഓപ്പറേറ്റീവ് ബാങ്കിനെ മാറ്റുക വഴി ധന നിക്ഷേപങ്ങളും ക്രെഡിറ്റും സംസ്ഥാനത്ത് വളർത്തിക്കൊണ്ട് വരുന്നതിനും, അടിസ്ഥാന സൗകര്യങ്ങളും, പ്രാദേശിക വികസനവും സാരവത്തായി ഉയർത്തുകയുമാണ് ഉദ്ദേശിക്കുന്നത്. |
| (സി) | റിസർവ് ബാങ്ക്, ബാങ്കിംഗ് മേഖലയിൽ ഉള്ളവർ എന്നിവരുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എന്നത്തേക്ക് ഈ ബാങ്ക് രൂപീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) | നടപടികൾ പൂർത്തിയാക്കി ബാങ്ക് എത്രയും വേഗം പ്രവർത്തനം ആരംഭിയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ